നം: എച്ച്3/6446/2018

വിദ്യാഭ്യാസ ഉപ ഡയറക്ടറാഫീസ്,
തൃശ്ശൂർ,തീയ്യതി 21/11/2018

Phone:0487-2360810,Email:ddedntsr@gmail.com
Website : www.ddethrissur.org

പ്രേഷകൻ

വിദ്യാഭ്യാസ ഉപഡയറക്ടർ,
തൃശ്ശൂർ.

സ്വീകർത്താവ്

ജില്ലാ വിദ്യാഭ്യാസ ആഫീസർ,
തൃശ്ശൂർ/ഇരിങ്ങാലക്കുട/ചാവക്കാട്.

സർ,

വിഷയം:- ജില്ലാ സാമൂഹ്യനീതി ആഫീസ് തൃശ്ശൂർ-ട്രാൻസ്ജെൻഡർ ക്ഷേമം-വകുപ്പ് തല ഉദ്യോഗസ്ഥർക്കുള്ള സെൻസിറ്റൈസേഷൻ പ്രോഗ്രാം-2018 നവംബർ 29,30 തിയതികളിൽ വെച്ച് നടക്കുന്ന ബോധവത്ക്കരണ പരിപാടിയിൽ പങ്കെടുക്കുന്നതിന് ജീവനക്കാരെ നിയോഗിക്കുന്നത്-സംബന്ധിച്ച്.

സൂചന:- 1. ജില്ലാ സാമൂഹ്യ നീതി ആഫീസറുടെ സി509/18 നമ്പർ കത്ത്.

*****

സൂചനപ്രകാരം സാമൂഹ്യനീതി വകുപ്പ് മുഖേന നടപ്പിലാക്കി വരുന്ന ട്രാൻസ്ജെൻഡർ ക്ഷേമ പദ്ധതികളുടെ ഭാഗമായി 29.11.2018, 30.11.2018 എന്നീ തിയതികളിൽ വിവധ വകുപ്പുതല ഉദ്യോഗസ്ഥർക്ക് രണ്ട് ബാച്ചുകളിലായി ബോധവത്ക്കരണ പരിപാടി സംഘടിപ്പിക്കുന്നു. പ്രസ്തുത പരിപാടിയിലേക്ക് ഓരോ ദിവസവും 15 അദ്ധ്യാപകരും 5 അനദ്ധ്യാപകരും അടക്കം 20 പേരെ പങ്കെടുപ്പിക്കേണ്ടതാണ്. രണ്ട് ദിവസങ്ങളിലായി ആകെ 30 അദ്ധ്യാപകരെയും 10 അനദ്ധ്യാപകരെയും പങ്കെടുപ്പിക്കേണ്ടതിനാൽ ഓരോ വിദ്യാഭ്യാസ ജില്ലയിൽ നിന്നും ഇതോടുകൂടി സമർപ്പിച്ചിട്ടുള്ള ഫോർമാറ്റ് പ്രകാരം അദ്ധ്യാപകരുടെയും അനദ്ധ്യാപകരുടെയും പട്ടിക 23.11.2018, 2 മണിക്കകം ഈ കാര്യാലയത്തിലേക്ക് ഇ-മെയിൽ ചെയ്യേണ്ടതാണ്.

29.11.2018 ലെ യോഗത്തിൽ പങ്കെടുക്കുന്നതിന് ഓരോ ജില്ലാ വിദ്യാഭ്യാസ ഓഫീസ് പരിധിയിൽ നിന്നും 5 വീതം അദ്ധ്യാപകരുടെയും ജില്ലാവിദ്യാഭ്യാസ ഓഫീസ് തൃശ്ശൂരിൽ നിന്നു 3 അനദ്ധ്യാപകരുടെയും, ജില്ലാവിദ്യാഭ്യാസ ഓഫീസ് ചാവക്കാടിൽ നിന്ന് 1 അനദ്ധ്യാപകന്റെയും, ജില്ലാവിദ്യാഭ്യാസ ഓഫീസ് ഇരിഞ്ഞാലക്കുടയിൽ നിന്ന് ഒരു അനദ്ധ്യാപകന്റെയും പേരു വിവരം ഇതോടുകൂടി നൽകിയിട്ടുള്ള ഫോർമാറ്റിൽ നൽകേണ്ടതാണ്. 30.11.2018 ന് നടക്കുന്ന യോഗത്തിലേക്കും ഇതേ രീതിയിൽ അദ്ധ്യാപകരുടെയും അനദ്ധ്യാപകരുടെയും പേരുവിവരം നൽകേണ്ടതാണ്.

വിശ്വസ്തതയോടെ,

വിദ്യാഭ്യാസ ഉപ ഡയറക്ടർ,
തൃശ്ശൂർ

എൻ.ആർ 21/11

Scanned by CamScanner